#IIMKinMedia

Date: September 05, 2026

Newspaper : Janmabhumi, Pg.08

# മന്ത്രിസഭയുടെ നേതൃത്വ ശില്പശാലയ്ക്ക് കോഴിക്കോട് ഐഐഎമ്മിൽ തുടക്കം

**കോഴിക്കോട്:** മുഖ്യമന്ത്രി ഉൾപ്പെടെ ഇരുപത് മന്ത്രിമാർ കോഴിക്കോട് ഐഐഎമ്മിലെ ക്ലാസ് മുറിയിൽ അച്ചടക്കത്തോടെ ഇരുന്നു. ഐഐഎമ്മിലെ അദ്ധ്യാപകരും പ്രത്യേക ക്ഷണിതാക്കളായെത്തിയ വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ അദ്ധ്യാപകരും നയിച്ച ക്ലാസുകൾ ശ്രദ്ധയോടെ കേട്ടു. കേരളത്തിന്റെ ഭാവി വികസനത്തിന് പുതിയ ദിശകളും സാധ്യതകളും കണ്ടെത്തുന്നതിനായി മുഖ്യമന്ത്രിയും സംസ്ഥാന മന്ത്രിസഭാംഗങ്ങളും പങ്കെടുക്കുന്ന 'റീ ഇമാജിനിങ് കേരളം' എന്ന ശിൽപശാലയിൽ പങ്കെടുക്കാനാണ് മന്ത്രിസഭ ഒന്നടങ്കം കോഴിക്കോട് ഐഐഎം ക്യാമ്പസിൽ എത്തിയത്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് സംഘടിപ്പിക്കുന്ന ശില്പശാല മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. മന്ത്രിമാർക്ക് പുറമെ ചീഫ് സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരും ആദ്യദിനത്തിലെ സെഷനുകളിൽ പങ്കെടുത്തു. സംസ്ഥാനത്തിന്റെ രാഷ്ട്രീയ നേതൃത്വം, ഐഐഎം കോഴിക്കോട് അദ്ധ്യാപകർ, ദേശീയ- അന്തർദേശീയ വിദഗ്ധർ എന്നിവർ ഒത്തുചേർന്ന സംഗമത്തിൽ കേരളത്തിന്റെ ഭാവിയെ സ്വാധീനിക്കുന്ന വിവിധ സാധ്യതകളും വെല്ലുവിളികളും സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നു.

ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജി അവതരിപ്പിച്ച 'നിർമിത ബുദ്ധിയുടെ കാലത്തെ പരിവർത്തനാത്മക നേതൃത്വം: ലക്ഷ്യബോധത്തോടെയും ഫലപ്രാപ്തിയോടെയും ജനങ്ങളെ പങ്കാളികളാക്കുക' എന്ന വിഷയത്തിലുള്ള സെഷനോടെയാണ് ആദ്യദിനത്തിലെ ചർച്ചകൾക്ക് തുടക്കമായത്. ഡീൻ പ്രൊഫ. ആനന്ദക്കുട്ടൻ ഉണ്ണിത്താൻ സെഷൻ ഏകോപിപ്പിച്ചു.

നിർമിതബുദ്ധിയും ഭരണനിർവഹണവും, ആരോഗ്യരംഗവും ക്ഷേമവും, കാലാവസ്ഥാ പ്രതിരോധശേഷിയും ദുരന്തനിവാരണവും, ജനസംഖ്യയിലെ വയോജന വർദ്ധനയും അതുമായി ബന്ധപ്പെട്ട സാമ്പത്തിക സാധ്യതകളും കേരളത്തിന്റെ ഭാവിയിലെ സാമ്പത്തിക അവസരങ്ങളും ഉൾപ്പെടെ വിവിധ വിഷയങ്ങൾ ആദ്യദിനത്തിലെ ചർച്ചകളിൽ ഇടം നേടി.

'കേരളത്തെ ആരോഗ്യ- ക്ഷേമ കേന്ദ്രമായി ഉയർത്തുക' എന്ന വിഷയത്തിൽ നടന്ന പ്രത്യേക സെഷനിൽ ചെന്നൈ അരവിന്ദ് കണ്ണാശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. അരവിന്ദ് ശ്രീനിവാസൻ നേതൃത്വം നൽകി. ആരോഗ്യരംഗത്ത് കേരളത്തിനുള്ള മികച്ച സൗകര്യങ്ങളും മാനവവിഭവശേഷിയും പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ആരോഗ്യ-ക്ഷേമ വിനോദസഞ്ചാരത്തിന്റെ പ്രധാന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ സെഷനിൽ ചർച്ച ചെയ്തു. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന അപകടസാധ്യതകൾ നേരിടുന്നതിനും ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള തയാറെടുപ്പുകൾ സംബന്ധിച്ച അനുഭവങ്ങളും ചർച്ചയായി.

അഞ്ച് മണിക്കൂറിലേറെ നീണ്ട വിവിധ സെഷനുകളിൽ മന്ത്രിമാർ വിവിധ വിഷയങ്ങളിൽ ചോദ്യങ്ങൾ ഉന്നയിക്കുകയും അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും കേരളത്തിന്റെ ദിർഘകാല വികസനത്തിൽ അവയുടെ സാധ്യതകൾ വിലയിരുത്തുകയും ചെയ്തു. ഇന്ന് കേരളത്തിന്റെ സാമ്പത്തിക-ധനകാര്യ അടിത്തറ ശക്തിപ്പെടുത്തൽ, തൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസം, ആഗോളതലത്തിലെ കേരളത്തിന്റെ സ്ഥാനം തുടങ്ങിയ വിഷയങ്ങൾ പ്രധാനമായും ചർച്ച ചെയ്യും. സമാപനച്ചടങ്ങിൽ മന്ത്രിമാർക്ക് ഐഐഎം കോഴിക്കോട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.



കോഴിക്കോട് ഐഐഎം ക്യാമ്പസിൽ മന്ത്രിമാർക്കായി സംഘടിപ്പിച്ച നേതൃത്വ ശിൽപശാലയിൽ നിന്ന്